**Week -1**

# Weekly Devotions -April - 2017

# Grace that averts fear

## (ഭയം മാറ്റുന്ന ദൈവകൃപ)



ഒരിക്കൽ ഒരു ഡോക്ടറും മകനും വളരെ വേദനയോടെ ഒരു പ്രാർത്ഥനാസ്ഥലത്തെത്തി മകന്റെ തലച്ചോറിലെ മുഴയാണ് അവർ അവിടെ വരുവാൻ കാരണമായത്. അവിടുത്തെ ദൈവദാസനോട് കണ്ണുനീരോടെയാണ് ആ പിതാവ് തന്റെ മകന്റെ വിവരം വെളിപ്പെടുത്തിയത് . "ഭയപ്പെടേണ്ട ഞാൻ സൗഖ്യമാക്കുന്ന യഹോവ" എന്നരുളിചെയ്തവൻ തന്നെ " ഇന്ന് ഒരു അത്ഭുതം നിങ്ങളുടെ ജീവിതത്തിൽ നടക്കുമെന്നും വാഗ്ദത്തം തന്നവനാണ് യഹോവ ആ വിശ്വാസത്തോടെ അവർ മൂവരും ഒന്നിച്ചു പ്രാർഥിക്കുവാൻ തുടങ്ങി . കണ്ണുനീരോടെ യഹോവയുടെ മുമ്പാകെ അപേക്ഷിച്ച ദൈവദാസൻ പെട്ടെന്ന് ദൈവത്തെ സ്തുതിക്കുവാൻ തുടങ്ങി. സ്തുതി ഉയർത്തുന്നത് ശക്തമായപ്പോൾ പിതാവ് കാരണം തിരക്കി. അതേ നിങ്ങളുടെ പ്രാർത്ഥനയ്ക്ക് ഉത്തരമായി ഈ കുഞ്ഞിന് പൂർണ്ണ സൗഖ്യം ലഭിച്ചിരിക്കുന്നു. നേരത്തെ നിശ്ചയിച്ച സമയം വരെ അവിടെയിരുന്ന് പ്രാർത്ഥിച്ച ശേഷം പുറത്തിറങ്ങിയ ഡോക്ടർ ആദ്യം ചെയ്തത് മകന്റെ വിശദമായ പരിശോധന ആയിരുന്നു. ഉത്തരം ലഭിച്ചു എന്ന് പരിശോധനയിൽ കണ്ട പിതാവ് വീണ്ടും കർത്താവിന് നന്ദികരേറ്റി.

ലൂക്കോ:(1:13, 30) വാക്യങ്ങളിൽ രണ്ട് വ്യക്തികളോട് ഭയപ്പെടേണ്ട എന്ന് പറയുന്നതായി കാണാം. ദൈവസന്നിധിയിൽ നീതിയുള്ളവരും , സകലകല്പനകളിലും ന്യായങ്ങളിലും കുറ്റമില്ലാതെ നടന്നവരുമായിരുന്നു സെഖര്യാവും എലിസബേത്തും. എന്നിട്ടും തലമുറകളെ ലഭിക്കാത്തതിനാൽ

അവർ പ്രാർത്ഥന തുടർന്ന് കൊണ്ടേയിരുന്നു. ധൂപം കാട്ടിയവന്റെ അടുക്കൽ ധൂപപീഠത്തിനരികെ എത്തിയ ദൂതൻ വിളിച്ചു പറഞ്ഞു സെഖര്യാവേ ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥയയ്ക്കുത്തരമായി എന്ന് (ലൂക്കോ:1:13) സന്തോഷവും ഉല്ലാസവും നൽകുന്ന ഉത്തരംലഭ്യമാകും എന്ന് അറിയിക്കുന്ന വാർത്ത ദൂതൻ അറിയിച്ചിട്ടും സെഖര്യാവ് വിശ്വസിച്ചില്ല. വിശ്വാസത്തോടെ ദൂത് ഏറ്റെടുക്കുന്ന ജോലി ദൂത് കേൾക്കുന്നവരുടേതാണ്.

മാസങ്ങൾക്കു ശേഷം നസറേത്ത് എന്ന പട്ടണത്തിൽ ദാവീദു ഗൃഹത്തിൽ യോസഫ് എന്ന യുവാവിന് വിവാഹം നിശ്ചയിച്ചവളുടെ അടുക്കൽ ദൂതനെത്തി മറിയയേ "ഭയപ്പെടേണ്ട, നിനക്ക് ദൈവത്തിന്റെ കൃപലഭിച്ചിരിക്കുന്നു" എന്ന് പറയുകയുണ്ടായി (ലൂക്കോ:1:30) കൃപലഭിപ്പാൻ കാരണം കർത്താവ് നിന്നോട് കൂടെയുള്ളതിനാലാണെന്നും വ്യക്തമാക്കി. എന്താണ് ദൈവകൃപ ? പ്രകടമാക്കുന്ന ദൈവീക സന്തോഷമാണ് ദൈവകൃപ. കൃപ മാത്രം ലഭിച്ചാൽ ജീവിതത്തിൽ അത്ഭുതം നടക്കുന്നില്ല. അവളുടെ ജീവിതത്തിൽ ദൂതൻ പറഞ്ഞ അത്ഭുതം എപ്രകാരം നടക്കുമെന്നുള്ള മറിയയുടെ സംശയത്തിന് മറുപടിയായി ദൂതൻ വ്യക്തമാക്കുന്നു. ഒന്നാമതായി പരിശുദ്ധാത്മാവ് അവളിൽ വരും. രണ്ടാമതായി അപ്പോൾ അത്യുന്നതന്റെ ശക്തി അവളുടെ മേൽ നിഴലിടും (ലൂക്കോ 1:35) കാരണം ദൈവത്തിന് അസാദ്ധ്യമായത് ഒന്നുമില്ല എന്നറിഞ്ഞവൾ പൂർണ്ണമായി സമർപ്പിക്കുകയും ചെയ്തു. കുറേ നാളുകളായി പ്രാർത്ഥിച്ചിട്ടും ഉത്തരം ലഭിക്കാത്ത കാര്യങ്ങൾ, ദൈവീക തിരഞ്ഞെടുപ്പുണ്ട് ഒരു ത്ഭുതം ജീവിതത്തിൽ നടന്നു കാണുവാനാഗ്രഹിക്കുന്നു എങ്കിൽ ജീവിതത്തിൽ പരിശുദ്ധാത്മാവ് വരുകയും അത്യന്നതന്റെ ശക്തി പ്രാപിക്കുകയും ചെയ്താൽ മതി.

തന്റെ ജീവിതത്തിലെ ഒരു വലിയ പ്രതിസന്ധിയുടെ തുടക്കമാണ് ഈ ദൈവകൃപ എന്ന് പിന്നീട് അറിഞ്ഞിട്ടും അവൾ പതറിയില്ല, കാരണം തങ്കൽഏകാഗ്രചിത്തരായി സമർപ്പിച്ച് പ്രാർത്ഥിക്കുന്നവരെ യഹോവ കണ്ട് അവരുടെ ഹൃദയം ജ്ഞാനം വിവേകം ഇവയാൽ നിറയ്ക്കുന്നു. ദൈവവചനം അവരുടെ ഭയത്തെ മാറ്റുന്നു. എലിസബേത്തിന്റെ നിന്ദ മാറ്റുവാൻ താമസിച്ചതും, നസറേത്തിലെ കന്യകയെ ലോകാപവാദം വരാവുന്ന കാര്യം ഏല്പിച്ചതും സ്വർഗ്ഗത്തിന്റെ കണക്കുകൂട്ടലുകളാണ്. കർത്താവിന് വഴി ഒരുക്കേണ്ടവന്റെ ജനന സമയം നിശ്ചയിക്കുന്നത് മനുഷ്യരല്ല. അതിനാലാണ് സെഖര്യാവിന്റെ പ്രാർത്ഥനയുടെ മറുപടി താമസിച്ചത്.

കർത്താവിൽ പ്രിയരേ! നമ്മുടെ ജീവിതത്തിൽ പല കാര്യങ്ങൾ നടക്കുവാൻ നാം ആഗ്രഹിക്കും. നമ്മുടെ സമയത്തിന് ഒന്നും നടത്തരുത്, നടക്കുകയുമരുത്. എല്ലാം ചന്തമായി നടക്കണമെങ്കിൽ ഒരു കാര്യം ചെയ്യുക, പൂർണ്ണമായി സമർപ്പിക്കുക. തക്ക സമയത്ത്പരിശുദ്ധാത്മാവ്നിങ്ങൾക്ക് ഉത്തരം കാട്ടിത്തരും. അതിനായി സമർപ്പണമനോഭാവമുള്ളവരാകുവാൻ ദൈവം സഹായിക്കട്ടെ.

## <u>പ്രാർത്ഥന</u>

ജ്ഞാനവും വകതിരിവും കാത്തു കൊള്ളുക എന്ന് ഞങ്ങളെ പഠിപ്പിച്ച ദൈവമേ, യഹോവയോടുള്ള ഭക്തിയിൽ അവപ്രാപിപ്പാൻ സഹായിക്കേണമേ. ലോകത്തിലെ ഭയപ്പെടുന്ന വിഷയങ്ങളുടെ നടുവിൽ ഭയമില്ലാത്തവരായി മുൻപോട്ടു പോകുവാൻ അങ്ങ് വഴികാട്ടിയായുള്ളതിനാൽ സ്ത്രോത്രം. പ്രാർത്ഥനയ്ക്ക് ഉത്തരം തന്നതിനായും സ്ത്രോത്രം. അങ്ങയുടെ നാമത്തിൽ തന്നേ.

ആമേൻ .

Santhamma varghese

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind